ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:22.08.2025

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ ഇന്ത്യയുടെ പ്രതിരോധ നയത്തിൽ പുതിയൊരു വഴിത്തിരിവായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. പൊതു ഇടങ്ങളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് വിലക്കി സുപ്രീം കോടതി.
3. സംസ്ഥാനത്ത് വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിൽക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്
4. ശബരിമലയിൽ തീർത്ഥാടകരുടെ സുരക്ഷയ്ക്കായി സാങ്കേതിക സമിതി രൂപീകരിക്കാൻ തയ്യാറാണെന്ന് ഹൈക്കോടതിയെ അറിയിച്ച് കെഎസ്ഇബി.
5. ദേശീയ ഗുണനിലവാര പട്ടികയിൽ ഇടം നേടി സംസ്ഥാനത്തെ രണ്ട് ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി. അംഗീകാരം എറണാകുളം ഫോർട്ട് കൊച്ചി, കോട്ടയം വൈക്കം താലൂക്ക് ആശുപത്രികൾക്ക്.
6. 134-ാമത് ഡ്യൂറണ്ട് കപ്പ് ട്രോഫി ഫുട്ബോൾ ടൂർണമെൻറിൻറെ ഫൈനലിൽ നാളെ ഡയമണ്ട് ഹാർബർ എഫ്സി, നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും.

RNU TVPM

&&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി - ബിഹാർ**

ഓപ്പറേഷൻ സിന്ദൂർ ¬ഇന്ത്യയുടെ പ്രതിരോധ നയത്തിൽ പുതിയൊരു വഴിത്തിരിവായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. പശ്ചിമ ബംഗാളിൽ 5200 കോടി രൂപയുടെ പദ്ധതികൾക്കും പ്രധാനമന്ത്രി തറക്കല്ലിട്ടു.

&&&&&&&&&&&&&&&&&&

**ശുഭാൻശു ശുക്ല**

ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാൻശു ശുക്ല രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായി കൂടിക്കാഴ്ച നടത്തി. രാഷ്ട്രപതി ഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ ശുക്ല തൻറെ ബഹിരാകാശ അനുഭവങ്ങൾ രാഷ്ട്രപതിയുമായി പങ്കുവയ്ച്ചു. ഗ്രൂപ്പ് ക്യാപ്റ്റൻ പ്രശാന്ത് ബാലകൃഷ്ണൻ നായർ, ഗ്രൂപ്പ് ക്യാപ്റ്റൻ പുണ്യശ്ലോക് ബിസ്വാൽ, ഐഎസ്ആർഒ ചെയർമാൻ, സെക്രട്ടറി തുടങ്ങിയവരും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. ഗഗൻയാൻ ഉൾപ്പെടെയുള്ള ഭാവി ബഹിരാകാശ ദൗത്യങ്ങൾക്ക് രാഷ്ട്രപതി, സംഘത്തിന് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

**അമിത് ഷാ**

RNU TVPM

കേന്ദ്ര സർക്കാരിൻറെ സുസ്ഥിരമായ പ്രവർത്തനങ്ങളിലൂടെ ഇന്ത്യ ലോകത്തെ ഏറ്റവും വലിയ നാല് സമ്പദ്‌വ്യവസ്ഥകളിലൊന്നായി മാറിയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കൊച്ചിയിൽ മാധ്യമകോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ അമിത്ഷാ. കൊച്ചിയിൽ നടന്ന ബിജെപി സംസ്ഥാന നേതൃയോഗം ശ്രീ അമിത് ഷാ ഉദ്ഘാടനം ചെയ്തു. കേരള സന്ദർശനത്തിന് ശേഷം അദ്ദേഹം തമിഴ്നാട്ടിലേക്ക് പോയി.

&&&&&&&&&&&&&&&&&&&

**സുപ്രീംകോടതി - തെരുവ് നായ്**

പൊതു ഇടങ്ങളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് വിലക്കി സുപ്രീം കോടതി . ഇത്തരത്തിൽ ഭക്ഷണം നൽകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും പ്രത്യേക ഇടങ്ങൾ ഒരുക്കാനും മൂന്നംഗ ബെഞ്ച് ഉത്തരവിട്ടു. എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഇത് നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചു. പിടികൂടുന്ന തെരുവ് നായ്ക്കളെ വിട്ടയയ്ക്കരുതെന്ന മുൻ ഉത്തരവും കോടതി സ്റ്റേ ചെയ്തു. തെരുവ് നായ വിഷയത്തിൽ ദേശീയ നയം രൂപീകരിക്കേണ്ടതുണ്ടെന്നും സുപ്രീം കോടതി വിലയിരുത്തി.

&&&&&&&&&&&&&&&&&&&

**വീണാ ജോർജ് സൗന്ദര്യ**

RNU TVPM

സംസ്ഥാനത്ത് വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിൽക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പാക്കിയ ഓപ്പറേഷൻ സൗന്ദര്യയുടെ ഭാഗമായി നടത്തിയ പരിശോധനകളിലൂടെ വ്യാജമെന്ന് കണ്ടെത്തിയ നാല് ബ്രാൻഡുകൾക്കെതിരെ വിവിധ കോടതികൾ നടപടിയെടുത്തതായി മന്ത്രി പറഞ്ഞു. ജനങ്ങൾക്ക് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ മരുന്നുകളും സൗന്ദര്യവർധക വസ്തുക്കളും ഉറപ്പാക്കുകയാണ് ഓപ്പറേഷൻ സൗന്ദര്യയുടെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**ശബരിമല- കേരള ഹൈക്കോടതി**

ശബരിമലയിൽ തീർത്ഥാടകരുടെ സുരക്ഷയ്ക്കായി സാങ്കേതിക സമിതി രൂപീകരിക്കാൻ തയ്യാറാണെന്ന് കെഎസ്ഇബി, കേരള ഹൈക്കോടതിയെ അറിയിച്ചു. ശബരിമലയിൽ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ കിയോസ്കിൽ നിന്ന് വൈദ്യുതാഘാതമേറ്റ് തീർത്ഥാടകൻ മരിച്ചതിനെത്തുടർന്ന് ഹൈക്കോടതി സ്വമേധയാ ഫയൽ ചെയ്ത കേസ് പരിഗണിക്കവെയാണ് നിർദേശം മുന്നോട്ട് വച്ചത്. നേരത്തെ, കെഎസ്ഇബിയ്ക്കും വാട്ടർ അതോറിറ്റിക്കും സമാനമായ അപകടങ്ങൾ തടയുന്നതിന് ആവശ്യമായ എല്ലാ സുരക്ഷാ നടപടികൾ നടപ്പിലാക്കാൻ കോടതി നിർദ്ദേശം നൽകിയിരുന്നു .

RAJU TVPM

&&&&&&&&&&&&&&&&&&&

**ജലമാണ് ജീവൻ (ഇൻട്രോ)**

സുരക്ഷിത ജല ലഭ്യതയും ജലജന്യ രോഗപ്രതിരോധവും ലക്ഷ്യമിട്ട് സംസ്ഥാന വ്യാപകമായി 'ജലമാണ് ജീവൻ' എന്ന പേരിൽ ജനകീയ തീവ്ര കർമപരിപാടി സംഘടിപ്പിക്കും. ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് ഹരിത കേരളം മിഷൻ വൈസ് ചെയർ പേഴ്സൺ ഡോ ടി എൻ സീമ ആകാശവാണി വാർത്തകളോട് പറഞ്ഞു.

**(ഹോൾഡ്)**

&&&&&&&&&&&&&&&&&&&

**എൻ.ക്യു.എ.എസ് അംഗീകാരം**

RAJUTVPM

സംസ്ഥാനത്തെ 2 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എറണാകുളം ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിക്കും കോട്ടയം വൈക്കം താലൂക്ക് ആശുപത്രിക്കുമാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചതെന്ന് മന്ത്രി പറഞ്ഞു. ഇതോടെ സംസ്ഥാനത്ത് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ച ആരോഗ്യ സ്ഥാപനങ്ങളുടെ എണ്ണം 255 ആയി.

&&&&&&&&&&&&&&&&&&&

**വാഴൂർ സോമന് അന്ത്യാഞ്ജലി**

അന്തരിച്ച ഇടുക്കി പീരുമേട് എം എൽ എ വാഴൂർ സോമന് വിട നല്കി നാട്. അദ്ദേഹത്തിൻറെ ഭൗതികദേഹം ഔദ്യോഗിക ബഹുമതികളോടെ പാമ്പനാർ സ്മൃതി മണ്ഡപത്തിൽ സംസ്കരിച്ചു. ഇന്നലെ തിരുവനന്തപുരത്ത് റവന്യൂ അസംബ്ലിയിൽ പങ്കെടുത്ത് മടങ്ങവേയാണ് അദ്ദേഹത്തിന് ശാരീരിക അസ്വാസ്ഥ്യമുണ്ടായത്. തുടർന്ന് ശാസ്തമംഗലത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചു. 72 വയസായിരുന്നു. മന്ത്രിമാരുൾപ്പെടെ നിരവധിപേർ അന്ത്യാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

**നെല്ല് സംഭരണം (ഇൻട്രോ)**

RNU TVPM

ഉപ്പുവെള്ളം കയറി വിളനാശം നേരിട്ട കുട്ടനാട്ടിലെ കർഷകരിൽ നിന്നും കൃഷി വകുപ്പ് നേരിട്ട് സംഭരിച്ച നെല്ലിന് സംഭരണ തുകയായി ഒരു കോടി 17 ലക്ഷം അനുവദിച്ചതായി മന്ത്രി പി. പ്രസാദ്. പതിരായ നെല്ല് സംഭരിക്കുന്നതിൽ മില്ലുകാർ വൻ തോതിൽ കിഴിവ് ആവശ്യപ്പെടുകയും നെല്ല് സംഭരിക്കുന്നതിൽ വിമുഖത കാണിക്കുകയും ചെയ്ത സാഹചര്യത്തിലാണ് സർക്കാരിന്റെ ഇടപെടൽ.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ.

**(വോയ്സ്)**

&&&&&&&&&&&&&&&&&&

**അബ്ദുറഹിമാൻ**

കളിക്കളങ്ങളും ആധുനിക പരിശീലന സംവിധാനവും ഏർപ്പെടുത്തി അന്തർദേശീയ കായിക മേളകളിൽ മികച്ച നേട്ടം കൈവരിക്കാൻ കായിക താരങ്ങളെ പ്രാപ്തരാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി വി അബ്ദുറഹിമാൻ. ഈ ലക്ഷ്യം മുൻനിർത്തി സ്കൂളുകളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതിനായി 200 കോടി രൂപ ചെലവിട്ടതായും മന്ത്രി പറഞ്ഞു. കണ്ണൂർ ചെറുകുന്ന് ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ കളിക്കളത്തിന്റെ പ്രവൃത്തി ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&

**ഇൻവെസ്റ്റ് കേരള**

സംസ്ഥാന സർക്കാരിന്റെ 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ' ഭാഗമായി കളമശ്ശേരിയിൽ ആരംഭിക്കുന്ന അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണോദ്ഘാടനം നാളെ രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. വ്യവസായ മന്ത്രി പി.രാജീവ് അധ്യക്ഷനാകുന്ന പരിപാടിയിൽ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പങ്കെടുക്കും. ഐ.കെ.ജി.എസിലെ നിക്ഷേപ വാഗ്ദാനം അതിവേഗത്തിലാണ് നിർമ്മാണ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതെന്നും ആയിരക്കണക്കിന് തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കപ്പെടുമെന്നും മന്ത്രി പി.രാജീവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**ക്ഷേമനിധി പെൻഷൻ**

RNU TVPM

സംസ്ഥാനത്തെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ ഓണ സമ്മാനമായി രണ്ടു ഗഡു ക്ഷേമ പെൻഷൻ ലഭിക്കും. ഇതിനായി 1679 കോടി അനുവദിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് ഓണത്തിന് 3200 രൂപവീതം ലഭിക്കുന്നത്. ആഗസ്റ്റിലെ പെൻഷന് പുറമെ ഒരു ഗഡു കുടിശിക കൂടിയാണ് അനുവദിച്ചത്. ശനിയാഴ്ച മുതൽ ഇത് ഗുണഭോക്താക്കൾക്ക് ലഭിച്ചു തുടങ്ങും.

&&&&&&&&&&&&&&&&&&

## കെ. സുബ്രഹ്മണ്യൻ അയ്യർ

ആകാശവാണി കൊച്ചി ക്ലസ്റ്ററിന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറലായിയും ഓഫീസ് മേധാവിയായും ശ്രീ കെ. സുബ്രഹ്മണ്യൻ അയ്യർ ചുമതലയേറ്റു. 1998 ബാച്ച് ഇന്ത്യൻ എഞ്ചിനീയറിംഗ് സർവീസിലെ ഉദ്യോഗസ്ഥനായ അദ്ദേഹം രാജ്യത്തെ വിവിധ ദൂരദർശൻ കേന്ദ്രങ്ങളിലും ആകാശവാണി സ്റ്റേഷനുകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

## സി.ജി.രാമചന്ദ്രൻ നായർ

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻ ചെയർമാനും രാജ്യാന്തരതലത്തിൽ ശ്രദ്ധേയനായ പ്രശസ്ത രസതന്ത്രജ്ഞനുമായ പ്രൊഫസർ സി.ജി.രാമചന്ദ്രൻ നായർ അന്തരിച്ചു. 92 വയസായിരുന്നു. വാർദ്ധക്യ സഹജമായ

അസുഖങ്ങളെത്തുടർന്ന് തിരുവനന്തപുരത്തെ വസതിയിൽ ഇന്നലെയായിരുന്നു

അന്ത്യം. സംസ്കാരം തിങ്കളാഴ്ച തിരുവനന്തപുരം ശാന്തികവാടത്തിൽ നടക്കും. സംസ്ഥാന ശാസ്ത്രസാങ്കേതിക വകുപ്പിൻ്റെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ഡ്യൂറണ്ട് കപ്പ്

134-ാമത് ഡ്യൂറണ്ട് കപ്പ് ട്രോഫി ഫുട്ബോൾ ടൂർണമെൻറിൻറെ ഫൈനൽ മത്സരം നാളെ പശ്ചിമബംഗാളിൽ നടക്കും. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന പോരാട്ടത്തിൽ ഡയമണ്ട് ഹാർബർ എഫ്സി, നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30നാണ് മത്സരം.

RNJTVPM

&&&&&&&&&&&&&&&&&&

## കെസിഎൽ

കെസിഎല്ലിൽ ആലപ്പി റിപ്പിൾസിനെതിരെ തൃശൂർ ടൈറ്റൻസിന് 7 വിക്കറ്റ് ജയം. ആലപ്പി റിപ്പിൾസ് ഉയർത്തിയ 152 റൺസ് വിജയലക്ഷ്യം 16.3 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ തൃശൂർ ടൈറ്റൻസ് മറികടക്കുകയായിരുന്നു.

ഇന്ന് നടക്കുന്ന രണ്ടാമത്തെ മത്സരത്തിൽ അല്പസമയത്തിനകം കൊല്ലം സെയിലേഴ്സും ട്രിവാൻഡ്രം

റോയൽസും തമ്മിൽ ഏറ്റുമുട്ടും .കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ നടക്കുന്നത്.

&&&&&&&&&&&&&&&&&&&

**അമീബിക് മസ്തി ഷ് ക ജ്വരം**

കോഴിക്കോട് ചികിത്സയിലുള്ള രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തു. രോഗം ബാധിച്ച് മരിച്ച താമരശ്ശേരി സ്വദേശി ഒമ്പത് കാരിയുടെ ഏഴ് വയസ്സുള്ള സഹോദരനും ചേലേമ്പ്ര സ്വദേശിയായ 59-കാരനുമാണ് അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളത്. നിലവിൽ മൂന്ന് പേർ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലാണ്.

RIJU TVPM

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&&

&&&&

&&&

&&

&